"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്. ഡി. ആർ. എഫ് -കോഴിക്കോട് ജില്ലാ - പേരാമ്പ്ര ബ്ളോക്കിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കരുവാങ്കണ്ടി മുക്ക് - നീലോത്ത് കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി കാലാവധിക്ക് ശേഷം കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കി - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.319/2026/DMD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 515/2019/ഡി.എം.ഡി. തീയതി, 19.08.2019

2. കോഴിക്കോട് ജില്ലാ കളക്ടറുടെ 07.07.2026 ലെ DCKKD/6987/2020 - F3 നമ്പർ കത്ത്.

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ളോക്കിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കരുവാങ്കണ്ടി മുക്ക് - നീലോത്ത് കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി പരിശോധന റിപ്പോർട്ടിൽ റോഡിന്റെ വശങ്ങളിൽ ജലനിധിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് പൊളിച്ചുമാറ്റേണ്ടി വന്നതിനാൽ പ്രവൃത്തി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ വരുകയും ചെയ്തു. മേൽ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ളോക്കിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കരുവാങ്കണ്ടി മുക്ക് - നീലോത്ത് കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്. ഡി. ആർ. എഫ് മാനദണ്ഡപ്രകാരമുള്ള തുക മാത്രം അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/105/2026-DMD)

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 28-07-2026
15:25:45

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്